**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 433** **21-03-2025 - ൽ മറുപടിയ്ക്ക്**

**സ്പീഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. മുരളി പെരുനെല്ലി,<br>ഡോ. സുജിത് വിജയൻപിള്ള** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷി മേഖലയിലെ പരിശീലന ബോധവത്കരണ പരിപാടികൾക്കായി സ്പീഡ് (സ്റ്റേറ്റ് പ്രോഗ്രാം ഫോർ എഡ്യൂക്കേഷൻ ആൻഡ് എംപവർമെന്റ് ഇൻ ഡിസെബിലിറ്റീസ്) എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഭിന്നശേഷി മേഖലയിലെ പരിശീലന ബോധവത്കരണ പരിപാടികൾക്കായി സ്പീഡ് (സ്റ്റേറ്റ് പ്രോഗ്രാം ഫോർ എഡ്യൂക്കേഷൻ ആൻഡ് എംപവർമെന്റ് ഇൻ ഡിസെബിലിറ്റീസ് ) എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | ഭിന്നശേഷി വിഭാഗത്തിലെ വിവിധതരം വൈകല്യ അവസ്ഥയെപ്പറ്റി വിശദമായി പഠിക്കുക, ആവശ്യമായ നേരത്തെയുള്ള ഇടപെടൽ സാധ്യമാക്കുന്ന രീതിയിൽ പ്രവർത്തന മാർഗ്ഗരേഖകൾ തയ്യാറാക്കുക, കൂടാതെ ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനം മുതൽ പുനരധിവാസം വരെ നീണ്ടു നിൽക്കുന്ന പദ്ധതിയായതിനാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ മെഡിക്കൽ/ റിഹാബിലിറ്റേഷൻ/പാരാമെഡിക്കൽ/ സപ്പോർട്ട്സർവീസ്/വിവിധ പേരന്റ്ഗ്രൂപ്പുകൾ എന്നിവർക്കായി തുടർച്ചയായ പരിശീലന, ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | ഭിന്നശേഷിക്കാരുടെ ചികിത്സയ്ക്ക് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് അവബോധമുള്ള ചികിത്സകരെ കൂടുതലായി വാർത്തെടുക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | ഭിന്നശേഷിക്കാരുടെ ചികിത്സയ്ക്ക് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് അവബോധമുള്ള ചികിത്സകരെ കൂടുതലായി വാർത്തെടുക്കുന്നതിന് ഓട്ടിസം ചികിത്സയ്ക്ക് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ/മാർഗ്ഗരേഖ അടങ്ങിയ "Comprehensive Resource Book on Autism Management" എന്ന ബുക്ക് ചൈൽഡ് ഡെവലപ്മെന്റ് സെന്റർ(CDC)യുടേയും വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് (CMC, Velloor)-ന്റേയും സഹകരണത്തോടെ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് |

| | | | |
|---|---|---|---|
| | | | ഓൺ ഡിസെബിലിറ്റീസ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ(DME)/ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്(DHS) -ന്റെ കീഴിൽ ജോലി അനുഷ്ഠിക്കുന്ന 100 ശിശുരോഗ വിദഗ്ദ്ധർക്ക് "ഓട്ടിസ"ത്തെകുറിച്ച് പരിശീലനം നടത്തുകയുണ്ടായി. വരും വർഷങ്ങളിൽ ഓട്ടിസം മേഖലയിലെ വിവിധ ഇടപെടലുകളെ കുറിച്ച് Comprehensive Resource Book on Autism -ത്തെ ആധാരമാക്കി കൂടുതൽ പരിശീലന പരിപാടി ആസൂത്രണം ചെയ്യുന്നത് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ